നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 562 — 28-02-2017 ൽ മറുപടിക്ക്

## ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എം. വിൻസെന്റ് | | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന് കീഴിൽ നിലവിൽ എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളാണ് ലാഭകരമായി പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | വ്യവസായ വകുപ്പിന് കീഴിൽ നിലവിൽ 11 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിച്ചുവരുന്നു. |
| (ബി) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിലേയ്ക്കായി ഏതെങ്കിലും ഏജൻസികൾ മുഖേന പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വിശദമാക്കാമോ? | (ബി) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുൾപ്പെടെയുള്ളവയുടെ പ്രവർത്തനം അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി നിലവിലുള്ള വിറ്റുവരവ് ഘട്ടംഘട്ടമായി ഉയർത്തുന്നതിനുള്ള വികസന പദ്ധതികൾക്കാണ് ഇപ്പോൾ പ്രാമുഖ്യം നൽകിവരുന്നത്. . ഈ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശവും തുടർന്നുള്ള അവലോകനവും റിയാബ് മുഖേന നടപ്പിലാക്കിവരുന്നു.<br>ഇതിന്റെ അടിസ്ഥാനത്തിൽ കേരളാ മിനറത്സ് & മെറ്റത്സ് ലിമിറ്റഡ്, മലബാർ സിമന്റ്സ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കത്സ് ലിമിറ്റഡ്, ട്രാവൻകൂർ-കൊച്ചിൻ കെമിക്കത്സ് ലിമിറ്റഡ്, കെൽട്രോൺ, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും, ഉൽപ്പാദന വൈവിദ്ധ്യവത്ക്കരണത്തിനുമുള്ള പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകി 2017-18 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതിന് |

തീരുമാനിച്ചിട്ടുണ്ട്

ഇതിൻെറ ഭാഗമായി സ്ഥാപനത്തിൻെറ ഇപ്പോഴത്തെ അവസ്ഥ വിശകലനം ചെയ്തുകൊണ്ട് വിപണിയെ സംബന്ധിച്ച വിശദമായ പഠനം നടത്തിയതിനുശേഷമുള്ള പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കുവാൻ അതാത് സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആവശ്യമെങ്കിൽ ഇതിനായി വിദഗ്ദ്ധ ഏജൻസികളുടെ സഹായം സുതാര്യമായ നടപടിക്രമങ്ങളിലൂടെ സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

ഇതിനായുള്ള ധനസഹായം 2017-18ലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ അനുവദിക്കുമെന്നും തത്വത്തിൽ തീരുമാനമായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ